**NO. CEE/2043/PGDCCD/2017/TA3**

കേരള സർക്കാർ
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## പോസ്റ്റ്ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ക്ലിനിക്കൽ ചൈൽഡ് ഡെവലപ്പ്മെന്റ് (PGDCCD-2017) കോഴ്സിലേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നോ, കേരളത്തിലെ സർവ്വകലാശാലകളുടെ അംഗീകാരമുള്ള ഇതര സർവ്വകലാശാലകളിൽ നിന്നോ, ബി.എസ്..സി സയൻസ് വിഷയങ്ങളിൽ ബിരുദമുള്ളവർക്കും, ബി.എ/ബി.എസ്.സി സൈക്കോളജി/ ബി.എസ്.സി ഹോം സയൻസ് വിഷയങ്ങളിൽ ബിരുദമുള്ളവരുമായ പെൺകുട്ടികൾക്ക് PGDCCD-2017 കോഴ്സിലേയ്ക്ക് അപേക്ഷിയ്ക്കാവുന്നതാണ്.

അപേക്ഷക കേരളീയയായ ഇന്ത്യൻ പൗരത്വമുള്ളവരായിരിക്കണം. 31/12/2017–ന് 19 നും 28 നും ഇടയിൽ പ്രായം വരുന്നവർക്ക് അപേക്ഷിക്കാം. പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ 6 വർഷം വരെ ഇളവ് അനുവദിക്കുന്നതാണ്.

PGDCCD കോഴ്സിന് 2 വർഷ കലാവധിയാണ് ഉള്ളത്. ആകെ 12 സീറ്റുകൾ ഉണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് കാമ്പസിൽ സ്ഥിതി ചെയ്യുന്ന ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററാണ് കോഴ്സ് നടത്തുന്നത്.

കേരളത്തിലെ സർവ്വകലാശാലകളിലോ, ഇതര സർവ്വകലാശാലകളിലോ സയൻസ് ബിരുദവിഷയങ്ങൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. അപേക്ഷകരുടെ യോഗ്യതയ്ക്കനുസരിച്ച് പ്രവേശന പരീക്ഷാകമ്മീഷണർ തയ്യാറാക്കുന്ന മെരിറ്റ് ലിസ്റ്റിന്റെയും വിവിധ സംവരണ വിഭാഗക്കാർക്കുള്ള കാറ്റഗറി ലിസ്റ്റിന്റേയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം നൽകുന്നത്.

PGDCCD–2017 കോഴ്സിലേയ്ക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ ഓൺലൈനായി സമർപ്പിച്ച അപേക്ഷയോടൊപ്പം പ്രോസ്പെക്ടസ് ക്ലോസ് 6.2–ൽ പറഞ്ഞിട്ടുള്ള സർട്ടിഫിക്കറ്റ്/അനുബന്ധ രേഖകൾ എന്നിവ 03.10.2017 വൈകുന്നേരം 5 മണിയ്ക്ക് മുൻപായി അപ്ലോഡ് ചെയ്യേണ്ടതാണ്.

അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് അപേക്ഷാർത്ഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമായ പ്രോസ്പെക്ടസിലെ വിശദാംശങ്ങളും വിശദമായ വിജ്ഞാപനവും ശ്രദ്ധിക്കേണ്ടതാണ്.

**Help Line Numbers: 0471 2339101, 2339102, 2339103, 2339104**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
23.09.2017